LIBRARY ARCHIVES Kerala Legislative Assembly

അംഗൻവാടികളിൽ ഭക്ഷ്യപദാർത്ഥങ്ങൾ വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡം

41 [5597] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടികളിൽ ഭക്ഷ്യപദാർത്ഥങ്ങൾ വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യപദാർത്ഥങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ?

ഉത്തരം

(എ) അംഗൻവാടികളിൽ ഭക്ഷണം വിതരണം നടത്തുന്നതിനുള്ള ചുമതല ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/നഗരസഭയ്ക്കാണ്. കുട്ടികൾക്ക് 300 കലോറി ഊർജ്ജവും, 10 മുതൽ 15 ഗ്രാം വരെ മാംസ്യവും അടങ്ങിയ ഭക്ഷണവും ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, ഗുരുതരമായ പോഷകക്കുറവുള്ള കുട്ടികൾ എന്നിവർക്ക് 500 കലോറി ഊർജ്ജവും 20 ഗ്രാം മുതൽ 25 ഗ്രാം വരെ മാംസ്യവും അടങ്ങിയ ഭക്ഷണവും അംഗൻവാടികൾവഴി വിതരണം നടത്തണമെന്നുള്ളതാണ് ഐ.സി.ഡി.എസ്. മാനദണ്ഡം.

(ബി) ഐ.സി.ഡി.എസ്. ഉദ്യോഗസ്ഥരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും അംഗൻവാടി സന്ദർശനവേളയിൽ ഗുണഭോക്താക്കൾക്ക് വിതരണം നടത്തുന്നതിന് തയ്യാറാക്കിയിട്ടുള്ള ഭക്ഷണ സാധനങ്ങൾ പരിശോധിക്കാറുണ്ട്.

മത്സര പരീക്ഷകളിൽ പങ്കെടുക്കുന്ന വികലാംഗ ഉദ്യോഗാർത്ഥികൾക്കായി സ്പെഷ്യൽ കോച്ചിംഗ് സെന്റർ

42 [5598] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖാന്തിരം മത്സര പരീക്ഷകളിൽ പങ്കെടുക്കുന്ന വികലാംഗ ഉദ്യോഗാർത്ഥികൾക്കായി സ്പെഷ്യൽ കോച്ചിംഗ് സെന്റർ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ മേൽകോച്ചിംഗ് സെന്റർ എവിടെയൊക്കെയാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ, ബി) വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖാന്തിരം മത്സര പരീക്ഷകളിൽ പങ്കെടുക്കുന്ന വികലാംഗരായ ഉദ്യോഗാർത്ഥികൾക്കായി സ്പെഷ്യൽ കോച്ചിംഗ് പദ്ധതി ഇപ്പോൾത്തന്നെ നടപ്പിലാക്കിവരുന്നുണ്ട്. മത്സര പരീക്ഷകളിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണമനുസരിച്ച് സംസ്ഥാനത്തിന്റെ പല സ്ഥലങ്ങളിൽ താൽക്കാലികമായി സംവിധാനമുണ്ടാക്കിയാണ് ക്ലാസ് നടത്തുന്നത്. അപ്രകാരം തിരുവനന്തപുരത്ത് ഒരു കോച്ചിംഗ് ക്ലാസ് നടത്തിക്കഴിഞ്ഞു. എറണാകുളത്ത് ക്ലാസ് നടന്നുവരുന്നു. കണ്ണൂർ, കോട്ടയം എന്നീ ജില്ലകളിൽ അടുത്ത മാസം കോച്ചിംഗ് ക്ലാസ് നടത്താൻ ഉദ്ദേശിക്കുന്നു.